**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **05-12-2022 - ൽ മറുപടിയ്ക്ക്**

**പാറശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ വിപുലീകരണത്തിനായി ഫണ്ട് അനുവദിച്ചിരുന്നു എങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ജി.ഒ (ആർ.റ്റി) നം.2336/ 2020/ആ.കു.വ തീയതി 17.12.2020 പ്രകാരം പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ വിപുലീകരണത്തിനായി അനുമതി നൽകിയിരുന്നു. ഇതിൽ 1,30,73,000/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, 1,58,46,776/- രൂപ കൺസ്ട്രക്ഷൻ ജോലികൾക്കായും അനുവദിച്ചു. എന്നാൽ GST യിൽ വന്ന മാറ്റം കാരണം സിവിൽ വർക്കുകൾക്ക് അനുവദിച്ച തുക മതിയാകാത്തതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കുകയും ആയത് PWD യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി, ടി പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നിവയിന്മേലുള്ള വിശദാംശം അറിയിക്കാമോ; | (ബി) | ജി.ഒ (ആർ.റ്റി) നം.2336/ 2020/ആ.കു.വ തീയതി 17.12.2020 പ്രകാരം പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ വിപുലീകരണത്തിനായി അനുമതി നൽകിയിരുന്നു. ഇതിൽ 1,30,73,000/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, 1,58,46,776/- രൂപ കൺസ്ട്രക്ഷൻ ജോലികൾക്കായും അനുവദിച്ചു. എന്നാൽ GST യിൽ വന്ന മാറ്റം കാരണം സിവിൽ വർക്കുകൾക്ക് അനുവദിച്ച തുക മതിയാകാത്തതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കുകയും ആയത് PWD യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) | പാറശാല മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി | (സി) | പാറശ്ശാല മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ആശുപത്രികളുടെ പേരും വിവരവും |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | ചുവടെ ചേർക്കുന്നു.<br><br>1. സാമൂഹികാരോഗ്യകേന്ദ്രം,പെരിങ്കടവിള<br><br>2. കുടുംബാരോഗ്യ കേന്ദ്രം,കൊല്ലായിൽ<br><br>3.സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളറട<br><br>4. കുടുംബാരോഗ്യ കേന്ദ്രം, കള്ളിക്കാട്<br><br>5. കുടുംബാരോഗ്യ കേന്ദ്രം, ചെമ്പൂർ<br><br>6. കുടുംബാരോഗ്യ കേന്ദ്രം, പരശുവയ്ക്കൽ<br><br>7.കുടുംബാരോഗ്യ കേന്ദ്രം, കുന്നത്തുകാൽ<br><br>8. കുടുംബാരോഗ്യ കേന്ദ്രം, പൂഴനാട് |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ആശുപത്രികൾ തരം തിരിച്ച് വിശദമാക്കാമോ? | (ഡി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇ-ഹെൽത്ത് മുഖേന ലഭ്യമായിട്ടുള്ള സേവനങ്ങൾ | ഇ-ഹെൽത്ത് മുഖേനയുള്ള പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പെരുങ്കടവിള | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | ഇ-ഹെൽത്ത് വഴിയാണ് ഒ.പി. കൺസൾട്ടേഷൻ സേവനങ്ങൾ നടത്തിവരുന്നത്. | 14,30,728.2/- രൂപ |
| 2 | കുടുംബാരോഗ്യകേന്ദ്രം, കൊല്ലായിൽ | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | ഇ-ഹെൽത്ത് വഴി കൺസൾട്ടേഷൻ 50% മാത്രമാണ്. | 14,40,564.2/- രൂപ |
| 3 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളറട | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ് | ഇ-ഹെൽത്ത് വഴിയുള്ള കൺസൾട്ടേഷൻ സേവനം മന്ദഗതിയിലാണ്. | 14,64,801.2/- രൂപ |
| 4 | കുടുംബാരോഗ്യകേന്ദ്രം, പൂഴനാട് | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം | 14,79,555.2/- രൂപ |
| 5 | കുടുംബാരോഗ്യകേന്ദ്രം, കള്ളിക്കാട് | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം | 14,35,596.2/- രൂപ |
| 6 | കുടുംബാരോഗ്യകേന്ദ്രം, ചെമ്പൂർ | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം | 14,89,139.2 /- രൂപ |
| 7 | പ്രാഥമിക കുടുംബാരോഗ്യകേന്ദ്രം, പരശ്ശുവയ്ക്കൽ | റിസപ്ഷൻ, കൺസൾട്ടേഷൻ, ഫാർമസി | കടലാസ്സ് രഹിതം | 14,60,783.2/- രൂപ |

| | | | | |
|---|---|---|---|---|
| 8 | കുടുംബാരോഗ്യകേന്ദ്രം, കുന്നത്തുകാൽ | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം | **14,50,198.2/- രൂപ** |

**സെക്ഷൻ ഓഫീസർ**